"ഭരണഭാഷ-

മാതൃഭാഷ"

**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

നം. ഇ.എം.3/100/2022/ത.സ്വ.ഭ.വ

തിരുവനന്തപുരം,

തീയതി: 24-01-2023

**സർക്കുലർ**

വിഷയം:- ത.സ്വ.ഭ.വ - 2023-ലെ തദ്ദേശ ദിനാഘോഷത്തോടനുബന്ധിച്ച് നൽകപ്പെടേണ്ട സ്വരാജ് ട്രോഫി പുരസ്കാര നിർണ്ണയത്തിനുള്ള ഓൺ ലൈൻ വെരിഫിക്കേഷൻ നടത്തുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. സ.ഉ. (സാധാ) നം. 73/2023/ത.സ്വ.ഭ.വ., തീയതി, 10.01.2023.

2. സ.ഉ. (സാധാ) നം. 188/2023/ത.സ്വ.ഭ.വ, തീയതി, 21.01.2023.

2023-ലെ തദ്ദേശ ദിനാഘോഷത്തോടനുബന്ധിച്ച് നൽകപ്പെടേണ്ട സ്വരാജ് ട്രോഫി പുരസ്കാര നിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് 21.12.2022 പകൽ 3.00 മണിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓൺ ലൈൻ ആയി അപ് ലോഡ് ചെയ്യുന്ന രേഖകൾ ഉദ്യോഗസ്ഥ തലത്തിൽ ഫിസിക്കൽ / ഫീൽഡ് വെരിഫിക്കേഷൻ നടത്തേണ്ടതില്ലെന്നും ഓൺ ലൈൻ വെരിഫിക്കേഷൻ മാത്രം നടത്തിയാൽ മതിയാകുമെന്നും നിർദ്ദേശിച്ചിരുന്നു. 2023 ഫെബ്രുവരി 18, 19 തീയതികളിൽ നടത്തുന്ന തദ്ദേശ ദിനാഘോഷത്തോടനുബന്ധിച്ച് നൽകപ്പെടേണ്ട സ്വരാജ് ട്രോഫി പുരസ്കാര നിർണ്ണയത്തിനുള്ള അർഹതാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ തുടർ പ്രവർത്തനങ്ങൾക്കായി പരിമിതമായ സമയപരിധി മാത്രമാണ് ലഭ്യമായിട്ടുള്ളത് എന്ന വസ്തുത കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓൺ ലൈൻ ആയി അപ് ലോഡ് ചെയ്യുന്ന രേഖകൾ ഉദ്യോഗസ്ഥ തലത്തിൽ ഫിസിക്കൽ /

ഫീൽഡ് വെരിഫിക്കേഷൻ നടത്തേണ്ടതില്ലെന്നും ഓൺ ലൈൻ വെരിഫിക്കേഷൻ നടത്തിയാൽ മതിയാകുമെന്നും നിർദ്ദേശം നൽകുന്നു.

SNEHALATHA K

ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്. തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിമാർക്കും. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,

തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം

Signed by
M.k.pradeesh Kumar
Date: 24-01-2023 17:04:07

സെക്ഷൻ ഓഫീസർ.